(ഡി) ഇതിൽ ഏതെല്ലാം കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) വാനില മോഷണം സംബന്ധിച്ച് വെഞ്ഞാറമൂട് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയിരുന്ന കേസിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തുവെന്നും എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം '1' ആയി ചേർത്തിരിക്കുന്നു †

(സി) 98 കേസുകൾ.

(ഡി) 54 കേസുകളിലെ 97 പ്രതികൾ അറസ്റ്റിലായിട്ടുണ്ട്.

(ഇ) വെഞ്ഞാറമൂട് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്ന കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ഈ കേസിൽ അന്വേഷണം ഊർജ്ജിതപ്പെടുത്താൻ വെഞ്ഞാറമൂട് സർക്കിൾ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വാഹനങ്ങൾ വാടകയ്ക്കെടുത്ത് മോഷണം

56 [1530] ശ്രീ. റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ വാടകയ്ക്കെടുത്ത് മോഷണം നടത്തുന്ന സംഘങ്ങളെപ്പറ്റി പോലീസിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ വാഹനങ്ങൾ വാടകയ്ക്ക് നൽകുന്ന ഏതെങ്കിലും സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ അംഗീകാരമുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വാഹനം വാടകയ്ക്ക് എടുത്ത് മോഷണം നടത്തുന്ന സംഘങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും, ഇത്തരക്കാരെ അറസ്റ്റ് ചെയ്ത് കേസെടുത്തിട്ടുള്ളതുമാണ്. ഇത്തരം പ്രവർത്തനങ്ങൾ വ്യാപിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുമുണ്ട്.

†അനുബന്ധം IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല

(സി) നടപടി സ്വീകരിച്ചുവരുന്നു.

(1531)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

ശ്രീ. അബ്ദുൾ നാസർ മഅദ്നിയുടെ മോചനത്തിന് നടപടി

57 [1532] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ. അബ്ദുൾ നാസർ മഅദ്നിയുടെ മോചനത്തിനുവേണ്ടി കേരള സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

കോയമ്പത്തൂർ ബോംബ് സ്ഫോടനകേസ്സുമായി ബന്ധപ്പെട്ടാണ് ശ്രീ. അബ്ദുൾ നാസർ മഅദ്നി കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിയുന്നത്. അന്യ സംസ്ഥാനത്തെ കേസ്സായതിനാൽ, ഇക്കാര്യത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എങ്കിലും, ശ്രീ. മഅദ്നിയുടെ രോഗചികിത്സയ്ക്കും മറ്റും ഉതകുന്ന വിധത്തിൽ ജയിൽമോചനം സാധ്യമാകുന്നതിന് കേരള സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സൂഫിയ മഅദ്നി മുഖ്യമന്ത്രിക്കു സമർപ്പിച്ച നിവേദനം പരിഗണനയ്ക്കായി തമിഴ്നാട് സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് മഅദ്നിക്കെതിരെ സംസ്ഥാനത്തുണ്ടായിരുന്ന 32 കേസ്സുകളും ഒരു കോടതിയിൽ വിചാരണ ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

എറണാകുളം മഹാരാജാസ് കോളേജിലെ ഹോസ്റ്റലിൽനിന്നും അറസ്റ്റ് ചെയ്യപ്പെട്ടവർ

58 [1533] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ എറണാകുളം മഹാരാജാസ് കോളേജിലെ ആൺകുട്ടികളുടെ ഹോസ്റ്റലിൽനിന്നും വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേർ ഉൾപ്പെടെയുള്ള വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇവരിൽ ഹോസ്റ്റൽ വിദ്യാർത്ഥികൾ അല്ലാത്തവർ ഉണ്ടായിരുന്നോ; ആരെല്ലാം;

(ഡി) പ്രസ്തുത വിദ്യാർത്ഥികളുടെയും, വിദ്യാർത്ഥികളല്ലാത്തവരുടേയും പേരിൽ എന്ത് നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly